പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T1367** **14. 06. 2013-** ലെ മറുപടി

നിതാഖത്ത് നിയമം മൂലം പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. കെ. എം. ഷാജി<br>ശ്രീ. പി. ബി. അബ്ദുൾ റസാക് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിൽ നടപ്പിലാക്കിവരുന്ന നിതാഖത്ത് നിയമംമൂലം പ്രവാസി മലയാളികൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) സൗദി അറേബ്യയിലെ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് യഥാർത്ഥ സ്പോൺസറുടെ കീഴിൽ ജോലി ചെയ്യാത്തവരേയും സ്വദേശിവത്ക്കരണത്തിന്റെ ഭാഗമായി അവിടത്തെ കമ്പനികളിൽ നിശ്ചിത ശതമാനം സൗദിക്കാരെ നിയമിക്കണമെന്ന വ്യവസ്ഥയും കാരണം മലയാളികൾ ഉൾപ്പെടെ അവിടെ പണിയെടുക്കുന്ന ധാരാളം വിദേശികൾക്ക് തൊഴിൽ നഷ്ടപ്പെട്ട് സ്വദേശത്തേക്ക് മടങ്ങേണ്ടിവരുമെന്ന് കരുതുന്നു. |
| (ബി)എത്ര ശതമാനം പ്രവാസികളെയാണിത് കൃത്യമായി ബാധിക്കുന്നതെന്നും സൗദിയിലെ മലയാളികളായ പ്രവാസികളുടെ സംഖ്യ എത്രയാണെന്നും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) കൃത്യമായ കണക്ക് ലഭ്യമല്ല. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ് നടത്തിയ 2011 – ലെ മൈഗ്രേഷൻ മോണിറ്ററിംഗ് സ്റ്റഡി പ്രകാരം ഏകദേശം 5,70,000 മലയാളികൾ സൗദിയിൽ ഉണ്ടെന്നാണ് കണക്ക്. നിതാഖത്ത് നിയമം എത്ര ശതമാനം മലയാളികളെ ബാധിക്കുമെന്ന് നിലവിൽ കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി)ഇക്കാര്യത്തിൽ പ്രവാസികളെ സഹായിക്കുവാൻ കേരള സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും തൽഫലമായി ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (സി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണ നടപടികൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഈ വിഷയത്തിൽ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പ്രവാസി ഇന്ത്യക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെടുകയുണ്ടായി.ബഹു. |

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ബഹു. പ്രധാനമന്ത്രി, ബഹു. വിദേകാര്യമന്ത്രി, ബഹു. പ്രതിരോധ മന്ത്രി, ബഹു. പ്രവാസികാര്യമന്ത്രി, ബഹു. വിദേശകാര്യ സഹമന്ത്രി എന്നിവരുമായി ചർച്ച നടത്തുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടലുകളെ തുടർന്ന് ഇന്ത്യയുടെ ആശങ്കകൾ പരിഹരിക്കാൻ സൗദി ഗവൺമെന്റ് തയ്യാറാകുകയുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്ന് തിരികെയെത്തുന്നവർക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായി വരുന്നു.

(ഡി) ഇത്തരം സാധ്യതകൾ മുന്നിൽകണ്ട് മറ്റു രാഷ്ട്രങ്ങളിലെ പ്രവാസി മലയാളികളുടെ തൊഴിൽ സുരക്ഷയ്ക്കായി എന്തെങ്കിലും മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ഉദ്ദേശ്യമുണ്ടോ എന്നും വിശദീകരിക്കുമോ?

(ഡി) നയതന്ത്ര തലത്തിൽ ഇടപെട്ട് പ്രവാസി ഇന്ത്യാക്കാരുടെ സുരക്ഷയ്ക്കായി ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ